# വിജ്ഞാപനം

നമ്പര്‍: 275/2009/സം.തി.ക. തീയതി: തിരുവനന്തപുരം, 2009 ഒക്ടോബര്‍ 08

സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ, താഴെ പട്ടികയില്‍ സൂചിപ്പിക്കുന്ന ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ 2009 സെപ്റ്റംബര്‍ 26-ാം തീയതി കേരള അസാധാരണ ഗസറ്റില്‍ പ്രസിദ്ധപ്പെടുത്തിയ കമ്മീഷന്റെ 253/2009/സം.തി.ക നമ്പര്‍ വിജ്ഞാപനം അനുസരിച്ച് " ആവശ്യമെങ്കില്‍ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി 2009 ഒക്ടോബര്‍ 28 (ബുധന്‍) " ആയി നിശ്ചയിച്ചിട്ടു ്.

വോട്ടെടുപ്പിന് മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമം പ്രസ്തുത നിയോജക മണ്ഡലങ്ങളില്‍ പൂര്‍ത്തീകരിച്ചിട്ടു ്. എന്നാല്‍ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ പുന്നപ്ര വയലാര്‍ സമരത്തിന്റെ വാര്‍ഷികവും വയലാര്‍ രാമവര്‍മ്മയുടെ ചരമവാര്‍ഷിക അനുസ്മരണ ചടങ്ങുകളും ചേര്‍ത്തല അമ്പലപ്പുഴ താലൂക്കുകളില്‍ വിവിധ റാലികളോടും പൊതുയോഗത്തോടും ഒക്ടോബര്‍ 20 മുതല്‍ 27 വരെ നടത്തുന്നതിനാല്‍ അത് തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് കമ്മീഷന് ബോദ്ധ്യമായതിനാല്‍ 2009 സെപ്റ്റംബര്‍ 26-ാം തീയതിയിലെ കമ്മീഷന്റെ 253/2009/സം.തി.ക നമ്പര്‍ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി ഭേദഗതി ചെയ്ത് പുതുക്കി നിശ്ചയിക്കേ ത് ആവശ്യമായിരിക്കുന്നു. ആയതിനാല്‍ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 49-ാം വകുപ്പും ഇന്‍ഡ്യന്‍ ഭരണഘടനയിലെ 243 (കെ) അനുച്ഛേദവുമായി കൂട്ടിവായിക്കുന്ന പ്രകാരം കമ്മീഷനില്‍ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മുന്‍പറഞ്ഞ വിജ്ഞാപനത്തില്‍ " (ഡി) 2009 ഒക്ടോബര്‍ 28 (ബുധന്‍) : ആവശ്യമെങ്കില്‍ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും " എന്നത് താഴെ പറയുംപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. അതായത് :-

## ഭേദഗതി

**" (ഡി) 2009 നവംബര്‍ 03 (ചൊവ്വ) : ആവശ്യമെങ്കില്‍ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും "**

## പട്ടിക

| ക്രമ നമ്പര്‍ | ജില്ലയുടെ പേര് | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | നിയോജകമണ്ഡലത്തിന്റെ/വാര്‍ഡിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1. | ആലപ്പുഴ | ജി. 23 അമ്പലപ്പുഴ വടക്ക് | 16 എം.സി.എച്ച് വാര്‍ഡ് | ജനറല്‍ |
| 2. | ആലപ്പുഴ | ജി. 23 അമ്പലപ്പുഴ വടക്ക് | 08 കഞ്ഞിപ്പാടം വടക്ക് | ജനറല്‍ |

ബി. ശ്രീദേവി
സെക്രട്ടറി